ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 06.10.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ജമ്മുകശ്മീർ, ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ മറ്റെന്നാൾ. ഹരിയാനയിൽ പോളിംഗ് 67 ശതമാനം.

**Counting of votes for Jammu - Kashmir and Haryana assembly elections on day after tomorrow. Haryana marks 67 percent polling.**

2. മറാത്തി ഭാഷയ്ക്ക് ലഭിച്ച ക്ലാസിക്കൽ പദവി ഭാഷയുടെ ചരിത്രത്തിലെ സുവർണ്ണ ഏടാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

**Prime Minister Narendra Modi says that the classical status of Marathi language is the golden age in the history of the language.**

3. അഞ്ചു ദിവസത്തെ ഇന്ത്യ സന്ദർശനത്തിനായി മാലദ്വീപ് പ്രസിഡൻറ് ഡോ. മൊഹമ്മദ് മൊയ് സു ഇന്ന് ഡൽഹിയിലെത്തും.

**Maldives President Dr. Mohammad Moi Su will reach Delhi today for a five-day visit to India.**

4. നക്സൽ ബാധിത സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായി കേന്ദ്ര മന്ത്രി അമിത് ഷായുടെ അവലോകന യോഗം നാളെ ന്യൂഡൽഹിയിൽ.

**Union Minister Amit Shah's review meeting with Chief Ministers of Naxal affected states in New Delhi tomorrow.**

5. കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷിയുടെ മൂന്ന് ദിവസത്തെ ജർമനി സന്ദർശനത്തിന് ഇന്ന് തുടക്കം. ഹാംബർഗ് സുസ്ഥിരതാ സമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കും.

**Union Minister Pralhad Joshi's three-day visit to Germany begins today. He will attend the Hamburg Sustainability Conference.**

6. വനിത ടി- 20 ലോകകപ്പിൽ ഇന്ന് ഇന്ത്യ- പാകിസ്ഥാൻ പോരാട്ടം. ഇന്ത്യ - ബംഗ്ലാദേശ് ടി -20 പരമ്പരയിലെ പുരുഷ വിഭാഗത്തിലെ ആദ്യ മത്സരവും ഇന്ന്.

**India and Pakistan will compete in the Women's T20 World Cup today. The first match of the men's India-Bangladesh T-20 cricket series wil also be today.**

**&&&&&&&&&&&&&&&&&&&&**

## HEADLINE 1

## J-K COUNTING

നിയമസഭാ തെരഞ്ഞെടുപ്പിനെ തുടർന്ന് ജമ്മുകശ്മീരിൽ മറ്റന്നാൾ നടക്കുന്ന വോട്ടെണ്ണലിനു മുന്നോടിയായി എല്ലാ വോട്ടെണ്ണൽ കേന്ദ്രങ്ങലിലും ശക്തമായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തി. സെപ്റ്റംബർ 18, 25, ഒക്ടോബർ ഒന്ന് തീയതികളിൽ മൂന്നു ഘട്ടങ്ങളിലായി നടന്ന തെരഞ്ഞടുപ്പിൽ 63.88 ആയിരുന്നു വോട്ടിംഗ് ശതമാനം. റൗണ്ട് തിരിച്ചുള്ള വോട്ടെണ്ണലിനായി ഇലക്ട്രോണിക് വോട്ടിംഗ് മെഷിനുകൾ ക്രമീകരിക്കുന്നതുൾപ്പെടെ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയതായി തെരഞ്ഞടുപ്പ് കമ്മീഷൻ അറിയിച്ചു. 90 സീറ്റുകളുള്ള ജമ്മുകശ്മീർ അസംബ്ലിയിൽ കേവല ഭൂരിപക്ഷം നേടുന്നതിന് ഒരു പാർട്ടിക്കോ സഖ്യത്തിനോ 46 എം.എൽ.എ മാർ ആവശ്യമാണ്.

**&&&&&&&&&&&&&&&&&&&&**

## HEADLINE 1A

## REV. HARYANA - POLL PERCENTAGE

ജമ്മു കശ്മീരിനൊപ്പം ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിൻ്റെ വോട്ടെണ്ണലും ചൊവ്വാഴ്ച നടക്കും. ഇന്നലെയാണ് ഹരിയാനയിൽ വോട്ടെടുപ്പ് നടന്നത്. തിരഞ്ഞെടുപ്പിൽ ഏകദേശം 67 ശതമാനം പോളിങ് രേഖപ്പെടുത്തി. 90 അംഗ സംസ്ഥാന നിയമസഭയിലേക്കുള്ള ഒറ്റഘട്ട വോട്ടെടുപ്പ് ഏറെക്കുറെ സമാധാനപരമായിരുന്നു.

&&&&&&&&&&&&&&&&&&&&&&

## HEADLINE 2

## PM-ABHIJAT MARATHI PROGRAM- VOICE

മറാത്തി ഭാഷക്ക് ക്ലാസ്സിക്കൽ പദവി നൽകാനുള്ള സർക്കാർ തീരുമാനം, ഭാഷയുടെ ചരിത്രത്തിലെ സുവർണ്ണ ഏടാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മുംബൈയിൽ ഇന്നലെ നടന്ന 'അഭിജാത് മറാഠി ഭാഷാ' പരിപാടിയിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. മറാഠിക്കൊപ്പം ബംഗാളി, പാലി, പ്രാകൃത്, അസമീസ് തുടങ്ങിയ ഭാഷകൾക്കും കേന്ദ്രസർക്കാർ അടുത്തിടെ ക്ലാസ്സിക്കൽ ഭാഷാ പദവി നൽകിയിരുന്നു. ഇവയുമായി ബന്ധപ്പെട്ടവരെ അദ്ദേഹം അഭിനന്ദിച്ചു. ഭാഷകൾ ആശയവിനിമയത്തിനുള്ള ഉപാധി മാത്രമല്ല. സംസ്കാരം, ചരിത്രം, പാരമ്പര്യം, സാഹിത്യം എന്നിവയുമായി ഭാഷകൾക്ക് ആഴത്തിലുള്ള ബന്ധമുണ്ട്. മാതൃഭാഷയിലെ പഠനത്തിന് സർക്കാർ മുന്തിയ പരിഗണന നൽകുന്നു. മെഡിക്കൽ, എഞ്ചിനീയറിങ് കോഴ്സുകൾ എന്നിവയുൾപ്പെടെ പ്രാദേശികഭാഷകളിൽ പഠിക്കാൻ പുതിയ ദേശീയ വിദ്യാഭ്യാസ നയം അവസരം ഒരുക്കുന്നുവെന്നും ശ്രീ. മോദി ചൂണ്ടിക്കാട്ടി.

(ഹോൾഡ് വോയിസ്- പി എം)

&&&&&&&&&&&&&&&&&&&&

## CLASSICAL LANGUAGE

അഞ്ച് ഇന്ത്യൻ ഭാഷകൾക്ക് കൂടി ശ്രേഷ്ഠ ഭാഷാ പദവി നൽകാനുള്ള തീരുമാനം ചരിത്രപരമെന്ന് ഭാരതീയ ഭാഷ സമിതി അധ്യക്ഷൻ ചാമു കൃഷ്ണ ശാസ്ത്രി. ഈ ഭാഷകളിലെ ക്ലാസ്സിക്കൽ സാഹിത്യ കൃതികൾ ഉൾപ്പെടെ പഠിക്കാൻ യുവജനങ്ങളെ സഹായിക്കുമെന്ന് അദ്ദേഹം ആകാശവാണിയോട് പറഞ്ഞു. പാലി, പ്രാകൃത്, അസാമീസ്, ബംഗാളി, മറാത്തി എന്നീ ഭാഷകൾക്കാണ് ശ്രേഷ്ഠ ഭാഷാ പദവി നൽകാൻ സർക്കാർ തീരുമാനിച്ചത്.

&&&&&&&&&&&&&&&&&&&&

## HEADLINE 3

## MALDIVES PRESIDENT

അഞ്ചു ദിവസത്തെ ഇന്ത്യ സന്ദർശനത്തിനായി മാലദ്വീപ് പ്രസിഡൻറ് ഡോ. മൊഹമ്മദ് മൊയ് സു ഇന്ന് ഡൽഹിയിലെത്തും. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവരുമായി അദ്ദേഹം കൂടികാഴ്ച നടത്തും. ഉഭയകക്ഷി ബന്ധങ്ങൾ സംബന്ധിച്ചും മേഖലാതല, അന്താരാഷ്ട്ര വിഷയങ്ങളിലും ചർച്ചകൾ നടക്കും. ബംഗളൂരു, മുംബൈ നഗരങ്ങളും മാലദ്വീപ് പ്രസിഡൻറ് സന്ദർശിക്കും. മൂന്നാം നരേന്ദ്രമോദി സർക്കാരിൻറെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കാൻ ഡോ. മൊഹമ്മദ് മൊയ്സു നേരത്തേ ഇന്ത്യ സന്ദർശിച്ചിരുന്നു.

&&&&&&&&&&&&&&&&&&&&

## HEADLINE 4

## REV AMIT SHAH-MEETING

നക് സൽ ബാധിത സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായി കേന്ദ്ര മന്ത്രി അമിത് ഷാ അവലോകന യോഗം നടത്തും. നാളെ ന്യൂഡൽഹിയിൽ നടക്കുന്ന യോഗത്തിൽ ആന്ധ്രാപ്രദേശ്, ബിഹാർ, ഛത്തീസ്ഗഡ്, ജാർഖണ്ഡ്, തെലങ്കാന, ഒഡീഷ, മഹാരാഷ്ട്ര, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ പങ്കെടുക്കും. ദേശീയ സുരക്ഷാ ഉപദേഷ്ടാവിൻറെ പ്രതിനിധിയും, കേന്ദ്ര സായുധ പോലീസ് സേനയുടെയും വിവിധ കേന്ദ്ര-സംസ്ഥാന വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥരും ചർച്ചയിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&

## HEADLINE 5

## PRALHAD-GERMANY VISIT

പുനരുപയോഗഊർജ മന്ത്രി പ്രൽഹാദ് ജോഷിയുടെ മൂന്ന് ദിവസത്തെ ജർമനി സന്ദർശനത്തിന് ഇന്ന് തുടക്കം. രണ്ട് ദിവസത്തെ ഹാംബർഗ് സുസ്ഥിരതാ സമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കും. ജർമനി, യു. കെ., എന്നീ രാജ്യങ്ങളിൽ നിന്നുള്ള മന്ത്രിമാർ, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. സുസ്ഥിര വികസനം, ഹരിത ഹൈഡ്രജൻ, പുനരുപയോഗ ഊർജ മൂല്യ ശൃംഖല എന്നീ മേഖലകളിൽ സഹകരണം ശക്തമാക്കുന്നത് ചർച്ചയാകും.

&&&&&&&&&&&&&&&&&&&&

## FINANCE MINISTER - PROF. STERN

ബഹുമുഖ വികസന ബാങ്കുകൾ ശക്തിപ്പെടുത്താൻ ജി 20 സ്വതന്ത്ര വിദഗ്ദ്ധ സംഘത്തിൻറെ 30

ശുപാർശകളിൽ 27 ഉം പരിഗണിച്ച ലോകബാങ്ക് നടപടിയെ കേന്ദ്രമന്ത്രി നിർമ്മല സീതാരാമൻ അഭിനന്ദിച്ചു. ഇന്ത്യ ജി -20 അധ്യക്ഷപദവി വഹിക്കെ ബഹുമുഖ വികസന ബാങ്കുകൾ ശക്തിപ്പെടുത്താൻ രൂപീകരിച്ച സ്വതന്ത്ര വിദഗ്ദ്ധ സംഘത്തിലെ അംഗം പ്രൊഫസർ നിക്ക് സ്റ്റേണുമായി ന്യൂഡൽഹിയിൽ ആശയവിനിമയം നടത്തവെയാണ് കേന്ദ്രമന്ത്രി ഇക്കാര്യം പരാമർശിച്ചത്. വികസിത രാജ്യങ്ങളിൽ നിന്ന് വികസ്വര രാജ്യങ്ങളിലേക്ക് സാങ്കേതിക വിദ്യ കൈമാറ്റവും കാലാവസ്ഥാ വ്യതിയാനം നേരിടാനുള്ള സാമ്പത്തിക സഹായവും ലഭ്യമാക്കേണ്ടതുണ്ടെന്നും ശ്രീമതി നിർമ്മല സീതാരാമൻ പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## HEADLINE 6

## INDIA - PAKISTAN WOMEN T 20

വനിത ടി- 20 ലോകകപ്പിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ദുബായിലാണ് മത്സരം. ഉച്ചയ്ക്ക് ശേഷം 3.30 ന് കളി ആരംഭിക്കും. ആദ്യ മത്സരത്തിൽ ഇന്ത്യൻ ടീം ന്യൂസിലൻഡിനോട് പരാജയപ്പെട്ടിരുന്നു. അതേസമയം തങ്ങളുടെ ആദ്യ മത്സരത്തിൽ പാകിസ്ഥാൻ ശ്രീലങ്കയെ തോൽപ്പിച്ചു.

&&&&&&&&&&&&&&&&&&&&

## HEADLINE 6 A

## INDIA - BANGLADESH T 20

ഇന്ത്യ - ബംഗ്ലാദേശ് ടി -20 പരമ്പരയിലെ പുരുഷ വിഭാഗത്തിലെ ആദ്യ മത്സരം ഇന്ന് മധ്യപ്രദേശിലെ ഗ്വാളിയറിൽ നടക്കും. വൈകിട്ട് 7 മണിക്കാണ് മത്സരം

തുടങ്ങുക. മൂന്ന് മത്സരങ്ങളാണ് ടി 20 പരമ്പരയിലുള്ളത്. നേരത്തെ നടന്ന രണ്ട് മത്സര ടെസ്റ്റ് പരമ്പരയിൽ ഇന്ത്യ സമ്പൂർണ വിജയം നേടിയിരുന്നു.

&&&&&&&&&&&&&&&&&&&&

## SUPER LEAGUE KERALA

സൂപ്പർ ലീഗ് കേരള ഫുട്ബാളിൽ ഇന്ന് തിരുവനന്തപുരം കൊമ്പൻസ് - കാലിക്കറ്റ് F C യെ നേരിടും. വൈകുന്നേരം 7.30 ന് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&&&

## SURESHGOPI

കോഴിക്കോട് വിമാനത്താവളത്തിന് കേരളത്തിൻ്റെ സാമ്പത്തിക പുരോഗതിയിൽ വലിയ പങ്ക് വഹിക്കാൻ കഴിയുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. എല്ലാവരുടേയും കൂട്ടായ്മയോടെ വിമാനത്താവള വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്ന് നടപടിയുണ്ടാകുമെന്ന് കാലിക്കറ്റ് ചേമ്പർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തുകൊണ്ട് ശ്രീ. സുരേഷ് ഗോപി പറഞ്ഞു. ബേപ്പൂർ തുറമുഖ വികസനം, റെയിൽവേ പാതകളുടെ വികസനം എന്നീ വിഷയങ്ങളിലും കേന്ദ്ര സർക്കാർ ഇടപെടുമെന്നും കേന്ദ്ര സഹമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## VAYALAR AWARD

നാല്പത്തിയെട്ടാമത് വയലാർ അവാർഡ് പ്രഖ്യാപിച്ചു . അശോകൻ ചരുവിലിനാണ് അവാർഡ്. കാട്ടൂർ കടവ് എന്ന പുസ്തകത്തിനാണ് പുരസ്കാരം.

&&&&&&&&&&&&&&&&&&&&

## RAMACHANDRAN - AIR

ആകാശവാണി മുൻ വാർത്താ അവതാരകൻ എം.രാമചന്ദ്രന് അന്ത്യാഞ്ജലി. ഭൗതികദേഹം തിരുവനന്തപുരം പ്രസ് ക്ലബിൽ പൊതുദർശനത്തിനു വച്ച ശേഷം ശാന്തികവാടത്തിൽ സംസ്കാരം നടന്നു.

&&&&&&&&&&&&&&&&&&&&

## NIA RAIDS

നിരോധിത സംഘടനയായ ജെയ്ഷെ മുഹമ്മദിന് ധനസഹായം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കേസിൽ അന്വേഷണങ്ങളുടെ ഭാഗമായി ദേശീയ അന്വേഷണ ഏജൻസി, അഞ്ച് സംസ്ഥാനങ്ങളിലെ വിവിധയിടങ്ങളിൽ തിരച്ചിൽ നടത്തി. ജമ്മു കശ്മീർ, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, അസം, ഡൽഹി എന്നിവിടങ്ങളിലെ 26 ഇടങ്ങളിൽ ഇന്നലെയായിരുന്നു തിരച്ചിൽ. ലഘുലേഖകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, നിരവധി രേഖകൾ തുടങ്ങിയവ എൻ ഐ എ പിടിച്ചെടുത്തു. ഇവ പരിശോധിച്ച് വരികയാണ്.

&&&&&&&&&&&&&&&&&&&&

## IAF AIR SHOW

ചെന്നൈയിലെ മറീന ബീച്ചിൽ ഇന്ത്യൻ വ്യോമസേനയുടെ വൻ വ്യോമാഭ്യാസ പ്രകടനം. രാവിലെ 11 മണിയോടെ ആരംഭിച്ച വ്യോമാഭ്യാസത്തിൽ 70 ലധികം

വിമാനങ്ങൾ പങ്കെടുത്തു. വ്യോമസേനയുടെ 92-ാാം വാർഷികാഘോഷത്തിൻറെ ഭാഗമായാണ് വ്യോമാഭ്യാസം സംഘടിപ്പിച്ചത്. "സക്ഷം, സശക്ത, ആത്മനിർഭർ" എന്നതാണ് ഈ വർഷത്തെ പ്രമേയം. തേജസ്, മിറാഷ്, സുഖോയ് 30 എംകെഐ, ജാഗ്വാർ ഉൾപ്പെടെയുള്ള യുദ്ധവിമാനങ്ങൾ, ഏറ്റവും പുതിയ പ്രചന്ദ് ഹെലികോപ്റ്റർ എന്നിവ വ്യോമാഭ്യാസത്തിൻറെ ഭാഗമായി.

&&&&&&&&&&&&&&&&&&&&

## P PRASAD

കേരളത്തിൽ ഉന്നത മൂല്യമുള്ള വിളകളുടെയും മൂല്യവർധിത കൃഷിയുടെയും പ്രോത്സാഹനം ഉറപ്പാക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ്. കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിർമ്മിച്ച ബയോ കൺട്രോൾ ലബോറട്ടറിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. വിളകളുടെ ഉത്പാദന ക്ഷമത വർധിപ്പിക്കുന്നതിനോടൊപ്പം ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിലും കൃഷിവകുപ്പ് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട് ഇതിനായാണ് ബയോ കൺട്രോൾ ലബോറട്ടറികൾ നിർമ്മിക്കുന്നത് എന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## CHHATTISGARH - WATER CONFERENCE

ജൽ ജഗാർ മഹോത്സവ്- നു ഛത്തീസ്ഗഡിലെ രവിശങ്കർ ശുക്ല ജലാശയത്തിൽ തുടക്കമായി. രണ്ടു ദിവസം നീണ്ടുനിൽക്കുന്ന പരിപാടിയുടെ ഭാഗമായി അന്താരാഷ്ട്ര ജല സമ്മേളനവും നടന്നു. അന്താരാഷ്ട്ര സംഘടനയായ യുണിസെഫ്, ജപ്പാൻ, ശ്രീലങ്ക രാജ്യങ്ങളും

കൂടാതെ നിരവധി പരിസ്ഥിതി പ്രവർത്തകരും പരിപാടിയിൽ പങ്കെടുത്തു. ജലസംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ മാർഗങ്ങൾ സമ്മേളനത്തിൽ ചർച്ച ചെയ്തു.

**&&&&&&&&&&&&&&&&&&&&**

## REV. WB-DOCTOR HUNGER STRIKE

കൊൽക്കത്തയിലെ ആർ ജി കർ മെഡിക്കൽ കോളേജിലെ ജൂനിയർ ഡോക്ടറെ പീഡിപ്പിച്ചു കൊലപ്പെടുത്തിയ കേസിൽ സർക്കാരിൻറെ ഭാഗത്തു നിന്നുള്ള കെടുകാര്യസ്ഥതയെ ചോദ്യം ചെയ്ത് 6 ഡോക്ടർമാർ ആരംഭിച്ച നിരാഹാരസമരം തുടരുന്നു. ജൂനിയർ റെസിഡൻറിൻറെ കൊലപാതകത്തെ തുടർന്ന് 10 ഓളം ആവശ്യങ്ങൾ ഡോക്ടർമാർ മുന്നോട്ടുവച്ചിരുന്നു. ഇവയ്ക്കുമേൽ നടപടിയെടുക്കുവാനോ പ്രതികരിക്കുവാനോ സർക്കാർ തയ്യാറായില്ലെന്ന് ചൂണ്ടിക്കാണിച്ചാണ് നിരാഹാര സമരം.

**&&&&&&&&&&&&&&&&&&&&**

## MUMBAI-FIRE

മുംബൈയിലെ ചെമ്പൂരിൽ ഇരുനില കെട്ടിടത്തിൽ ഉണ്ടായ തീപിടിത്തത്തിൽ ഏഴ് പേർ മരിച്ചു. മരിച്ചവരിൽ മൂന്ന് പേർ കുട്ടികളാണ്. ഇന്ന് രാവിലെയായിരുന്നു സംഭവം. സംഭവത്തിൽ അന്വേഷണം പുരോഗമിക്കുകയാണ്.

**&&&&&&&&&&&&&&&&&&&&**
**&&&&&&&&&&&&&&&&**
**&&&&&&&**